(ബി) ഇല്ല. 2015 സെപ്റ്റംബർ മാസത്തിനുശേഷം തപാൽ സെക്ഷനിൽ ഒഴിവുണ്ടായിരുന്ന തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സെക്ഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. തപാൽ വിതരണത്തിനായി ഒരു ജൂനിയർ സൂപ്രണ്ട് സെക്ഷന്റെ മേൽനോട്ടം വഹിക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചതുകൊണ്ട് തപാൽ വിതരണം വേഗത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ആശാ വർക്കർമാർ

8 (697) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ ആകെ എത്ര ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇവരെ ഏതെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ 189 ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്. ഇവരെ പ്രധാനമായും അമ്മയും കുഞ്ഞും പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും കുടുംബാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടു വരുന്ന മറ്റ് പ്രവർത്തനങ്ങൾക്കുമാണ് നിയോഗിക്കുന്നത്.

(ബി)

ക്രമ നമ്പർ	ഇനം	തുക (രൂപയിൽ)
(1)	(2)	(3)
1	ജെ.എസ്.വൈ	300x2
2	ഇമ്മ്യൂണൈസേഷന് 1 കുട്ടിയെ ആശുപത്രിയിൽ എത്തിക്കുന്നതിനായുള്ള ഇൻസന്റീവ്	20

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	1 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കു ന്നതിന്	100
4	2 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കുന്നതിന്	50
5	മാസാവലോകന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന്	100
6	ഹോണറേറിയം	1000
7	വാർഡ്തല ആരോഗ്യ പോഷണ ദിനാചരണം	100
8	വന്ധ്യംകരണം -സ്ത്രീകൾ പുരുഷൻമാർ	150/200

മേൽ പ്രസ്താവിച്ചിരിക്കുന്ന തുക നൽകുന്നത് നാഷണൽ ഹെൽത്ത് മിഷന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ജനസംഖ്യയാണ്. ഗ്രാമപ്രദേശങ്ങളിൽ 1000 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ, നഗരപ്രദേശങ്ങളിൽ 1000-2500 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ.എന്ന തോതിലാണ് നിയമിക്കുന്നത്.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

9 (698) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം വാങ്ങി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആക്ഷേപങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly